ഉത്തരം

(എ) 114 കി.മീറ്റർ

(ബി) 137 കി. മീറ്റർ.

(സി) ആ പ്രദേശത്തേക്കായി ഒരു പ്രത്യേക സെക്ഷനാഫീസിന്റെ ആവശ്യകത ഇല്ല.

മി. സ്പീക്കർ: ചോദ്യോത്തരസമയം കഴിഞ്ഞു.

II. അടിയന്തിരപ്രമേയം

അളഗപ്പാ ടെക്സ്റ്റയിൽ (തൃശൂർ) സിലെ ഓഫീസ് കയ്യേറിയത് സംബന്ധിച്ച്

മി. സ്പീക്കർ: സർ, തൃശ്ശൂർ ജില്ലയിലെ അളഗപ്പാ ടെക്സ്റ്റൈൽസിൽ കഴിഞ്ഞ 17-ാം തീയതി ഒരു സംഘം ആളുകൾ ബലമായി കയറുകയും ഫാക്ടറിയും ഓഫീസും പിടിച്ചെടുക്കുകയും ചെയ്ത സംഭവത്തെക്കുറിച്ചും അവിടെ നിലവിലിരിക്കുന്ന ശുരുതരാവസ്ഥയെ കുറിച്ചും ചർച്ചചെയ്യുന്നതിനായി ഇന്നത്തെ സഭാ നടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. കെ. ബാലകൃഷ്ണൻ, ശ്രീ. രാഘവൻ പൊഴക്കടവിൽ, ശ്രീ. കെ. ശങ്കരനാരായണൻ, ശ്രീ. പി. സീതിഹാജി, ശ്രീ. ടി.എം. ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 a.m.]

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): അളഗപ്പാ ടെക്സ്റ്റൈൽസിലെ ഒരു വിഭാഗം തൊഴിലാളികൾ ബോണസ് ആവശ്യപ്പെട്ടുകൊണ്ട് ചില സമരപരിപാടികൾ നടത്തിവരികയായിരുന്നു. 17-8-1981-ന് നാലര മണിക്ക് മുപ്പതോളം തൊഴിലാളികൾ മില്ലിനുള്ളിൽ വച്ച് അസിസ്റ്റന്റ് പേഴ്സണൽ ഓഫീസറേയും സെക്യൂരിറ്റി ഓഫീസറേയും ഘെരാവോ ചെയ്തു. ഘെരാവോ ചെയ്ത തൊഴിലാളികൾ അവിടെത്തന്നെയുള്ളവരാണ്. ഘെരാവോ ചെയ്ത വിവരം അറിഞ്ഞ് പോലീസ് സ്ഥലത്തെത്തി. അപ്പോഴേയ്ക്കും ആർ. ഡി. ഒ. ഇടപെട്ട് ഒത്തുതീർപ്പ് സംഭാഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ, 3 ദിവസത്തിനകം പ്രശ്നങ്ങൾക്ക് തീരുമാനമുണ്ടാക്കാം എന്നുള്ള തീരുമാനത്തെ ആസ്പദമാക്കി ഘെരാവോ പിൻവലിച്ചു. എന്നാൽ 18-8-1981-ന് മൂന്നര മണിയോടുകൂടി കമ്പനി മാനേജ്മെന്റ് ലോക്കൗട്ട് പ്രഖ്യാപിച്ചു. അങ്ങനെ ലോക്കൗട്ട് പ്രഖ്യാപിച്ച ദിവസം അപ്പോൾ ഷിഫ്റ്റിലുണ്ടായിരുന്ന തൊഴിലാളികൾ കമ്പനിയ്ക്ക് അകത്ത് കുത്തിയിരുന്നു. അങ്ങനെ കുത്തിയിരുന്ന 30 തൊഴിലാളികളെ അവിടെനിന്നും അറസ്റ്റ് ചെയ്തു നീക്കം ചെയ്തു. ഇപ്പോൾ കമ്പനി ലോക്കൗട്ടിലാണ്. കമ്പനിയിൽനിന്നും കിട്ടിയിട്ടുള്ള കമ്പിസന്ദേശത്തിൽത്തന്നെ കുറച്ച് തൊഴിലാളികൾ ഇങ്ങനെ ഘെരാവോ ചെയ്തുവെന്നും അവിടെ കുത്തിയിരുന്നുവെന്നും ഉള്ള വിവരംതന്നെയാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ നോട്ടീസിൽ പറയുന്ന രീതിയിൽ നക്സലൈറ്റ് പ്രവർത്തകരെന്നു പറയുന്ന അമ്പതോളം പേർ കമ്പനി

LIBRARY ARCHIVES Kerala Legislative Assembly

ക്കെതിരെ കയറി കമ്പനി പിടിച്ചടക്കിയെന്നു പറയുന്നത് ശരിയല്ല. അതു വസ്തുതയ്ക്ക് നിരക്കാത്തതാണ്. അവിടെയുള്ള തൊഴിലാളികളെന്നെ, കമ്പനി ലോക്കൗട്ട് പ്രഖ്യാപിച്ച സമയം കമ്പനിക്കെതിരെ കുത്തിയിരിക്കുകയാണ് ചെയ്തത്. അവരെ അറസ്റ്റ് ചെയ്തു നീക്കം ചെയ്തു. ഇപ്പോഴും ആ മിൽ ലോക്കൗട്ടിലാണ് എന്നുള്ളതല്ലാതെ മറ്റ് പ്രശ്നങ്ങളോ സംഘർഷാവസ്ഥയോ ഇല്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, വായ് തുറന്നാൽ സത്യവിരുദ്ധമായ സ്റ്റേറ്റ്മെന്റ് മാത്രം ഈ നിയമസഭയിൽ നൽകുന്ന ആഭ്യന്തര വകുപ്പുമന്ത്രി ഇന്നും അതാവർത്തിച്ചിരിക്കുകയാണ്. അമ്പതോളം വരുന്ന നക്സലൈറ്റുകളും, കലാപകാരികളും നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഏറ്റവും വലിയ മില്ലായ 1,700 തൊഴിലാളികളോളം ജോലിചെയ്യുന്ന അളഗപ്പാ ടെക്സ്റ്റൈൽസ് ഇപ്പോഴും കൈയടക്കിവച്ചിരിക്കുകയാണ്. സർ, അദ്ദേഹം പറഞ്ഞത് സത്യവിരുദ്ധമാണെന്ന് തെളിയിക്കാവുന്ന വസ്തുതകളും എന്റെ കൈവശമുണ്ട്. 17-ാം തീയതി ഉച്ചതിരിഞ്ഞപ്പോഴും അമ്പതോളം കലാപകാരികളും കമ്പനി വളപ്പിൽ കയറി അവിടത്തെ ജനറൽ മാനേജരായ ശ്രീ. ടി. ടി. അഗസ്റ്റിന്റെ മുറിയിൽ കയറി അദ്ദേഹത്തെ വളഞ്ഞുവയ്ക്കുകയും ഓഫീസ് കയ്യടക്കുകയും ചെയ്തു. അതിനുശേഷം ഫാക്ടറി മാനേജർ ശ്രീ. രക്കുണ്ണിമേനോനെ ഈ കലാപകാരികളും നേരിട്ട് കാണുകയും 7 മണിക്കു മുൻപ് ഞങ്ങളും പറയുന്നത് അനുസരിച്ചില്ലെങ്കിൽ ജനറൽ മാനേജരെ വകവരുത്തുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. എന്നിട്ട് അസിസ്റ്റന്റ് പേഴ്സണൽ ഓഫീസർ ശ്രീ. തോമസിന്റെ കുടവയറിൽ ചവിട്ടി അദ്ദേഹത്തെ പരിക്കേല്പിച്ചു. അതു കഴിഞ്ഞ് സെക്യൂരിറ്റി ഓഫീസർ സ്വാമിക്കണ്ണ് എന്ന ഉദ്യോഗസ്ഥനേയും അവർ മർദ്ദിച്ചു. അവിടത്തെ മുപ്പതോളം തൊഴിലാളികളും പുറത്തുനിന്നും വന്ന ഇരുപതോളം നക്സലൈറ്റുകളുമാണ് ഈ അക്രമം നടത്തിയത്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് മുപ്പതോളം തൊഴിലാളികളും മാത്രമാണെന്നാണ്. വളരെ ഗുരുതരാവസ്ഥ അവിടെ ഉണ്ടായപ്പോഴും 17-ാം തീയതി തന്നെ അവിടത്തെ എ. ഡി. എം. രവീന്ദ്രൻതമ്പി അവിടെ വന്ന് മാനേജരോട് പറഞ്ഞു. ഇത് അപകടകരമാണ്, നക്സലൈറ്റുകളും ഭീഷണിമുഴക്കുകയാണ് കമ്പനി കത്തിച്ചുകളയും. അതുകൊണ്ട് എങ്ങനെയെങ്കിലും ഒരു ധാരണയിൽ എത്തണം; അതല്ലെങ്കിൽ ഈ കമ്പനിയിൽ കലാപം ഉണ്ടാകും. ഈ പറയുന്നതൊന്നും നിങ്ങളും പിന്നീട് നടപ്പിലാക്കുകയൊന്നും വേണ്ടായെന്നു പറഞ്ഞ് സ്റ്റേറ്റ്മെന്റുവരെ എഴുതിമേടിച്ചുവെന്നാണ് അറിയുന്നത്. സർ, ഇതിനെ കുറിച്ച് മന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് മറുപടി പറഞ്ഞത്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ട്രേഡ് യൂണിയൻ ഉണ്ട്, പിന്നെ എ. ഐ. ടി. യു. സി. എന്നൊരു ട്രേഡ് യൂണിയൻ ഉണ്ട്, പരമന്റെ നേതൃത്വത്തിൽ, പിന്നെ ശ്രീ. കണ്ണന്റെ നേതൃത്വത്തിൽ വർക്കേഴ്സ് യൂണിയൻ ഉണ്ട്; പിന്നെ വി.എൻ. ലോനപ്പൻ വർക്കിംഗ് പ്രസിഡന്റ് ആയിട്ടുള്ള കോൺഗ്രസ് 'ഐ' യുടെ ഏറ്റവും വലിയ ട്രേഡ് യൂണിയനും അവിടെ ഉണ്ട്. അതിനുപുറമേ ശ്രീ. സി. ജി. ജനാർദ്ദനൻ നേതാവായിട്ടുള്ള മറ്റൊരു ട്രേഡ് യൂണിയനും അവിടെ പ്രവർത്തിക്കുന്നുണ്ട്. ട്രേഡ് യൂണിയൻ നേതാക്കന്മാർ ഇന്നലെ ജില്ലാകളക്ടറെ കണ്ട് നിവേദനം നടത്തി ഈ കമ്പനിയിൽ അപകടം നടക്കുന്നുവെന്നു പറഞ്ഞുകൊണ്ട്. സർ, ഈ കമ്പനിയിൽ എന്ത് നടക്കുന്നുവെന്ന് ഇപ്പോഴും പറയാൻ സാധ്യമല്ല. അവിടെ പണിയെടുക്കുന്ന 1,700-ഓളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഇന്ന് പട്ടിണിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ സെക്യൂരിറ്റി ഓഫീസറെ തടഞ്ഞുവച്ചിരിക്കുന്നുവെന്നാണ് ഇപ്പോഴും അറിയുന്നത്. ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൽ വിശ്വസിക്കാത്ത ഏതാനും ഒരുപിടി ആളുകൾ ഈ വ്യവസായ സ്ഥാപനത്തിൽ കയറി ഇപ്രകാരം ഭീഷണിപ്പെടുത്തി അക്രമം ചെയ്തുകൊണ്ട് ആ തൊഴിൽ സ്ഥാപനം സ്തംഭിപ്പിക്കുന്ന സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: അവിടെ ഭീഷണിപ്പെടുത്തൽ ഉണ്ടായി എന്നതു വസ്തുതയാണ്. എന്നാൽ .....(ബഹളം)

മി. സ്പീക്കർ: ശ്രീ. ഗോപാലകൃഷ്ണൻ ദയവായി ഇരിക്കണം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, അദ്ദേഹം അങ്ങയുടെ സ്ഥാനത്തിരുന്ന ഒരു ഡെപ്യൂട്ടി സ്പീക്കർ കൂടിയായിരുന്നു. അദ്ദേഹം ഇങ്ങനെ തുടങ്ങിയാൽ വലിയ അത്ഭുതമാണ്. ''അംഗീകൃത ട്രേഡ് യൂണിയൻ വ്യവസ്ഥകളെ മുഴുവൻ കാറ്റിൽ പറത്തിക്കൊണ്ട് നേതാക്കളുമായി ഒന്നും ആലോചിക്കരുത് ഞങ്ങൾ പറയുന്നതുപോലെ കാര്യങ്ങൾ അവസാനിപ്പിക്കണം'' എന്നാണ് കലാപകാരികൾ ആവശ്യപ്പെട്ടിരിക്കുന്നത്. ഇന്ന് ഈ സ്ഥാപനത്തിൽ നാഥനില്ലാത്ത അവസ്ഥാവിശേഷമാണുള്ളത്. മാനേജ്മെന്റിന് അവിടെ കയറിച്ചെല്ലാൻ നിവൃത്തിയില്ല. സർ, നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള ഒരു വലിയ സ്ഥാപനമാണിത്. അവിടെ നടന്ന സംഭവങ്ങൾക്കെല്ലാം പോലീസ് കയ്യുംകെട്ടി നിൽക്കുകയാണ് ചെയ്തത്. അവിടെനിന്നും ലോക്കൽ കാര്യം വിളിച്ചാൽ ഡി.എസ്.പി.-യെ കിട്ടും. എന്നാൽ ഇരിങ്ങാലക്കുടയാണ് ഡി.വൈ. എസ്.പി. ഇരിക്കുന്നത്. അദ്ദേഹത്തെ കോൺടാക്ട് ചെയ്തു. പിന്നെ അവിടത്തെ ലോക്കൽ പോലീസിനെ കോൺടാക്റ്റ് ചെയ്തു. എന്നിട്ടും ഈ സംഭവം കഴിഞ്ഞ് 3 മണിക്കൂർ കഴിഞ്ഞപ്പോഴാണ് പോലീസ് വന്നത്. ഇന്നും പോലീസ് അവിടെ വന്നിട്ട് അകത്ത് കയറുകയോ ശക്തമായ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപ്പോഴാ പോലീസ് മന്ത്രി ഇങ്ങനെ ലാഘവത്തോടുകൂടി മറുപടി പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് കഷ്ടമാണ്. അതുകൊണ്ട് ഈ ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിലേയ്ക്ക് ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണം എന്നാണ് പറയാനുള്ളത്.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): സർ, ശ്രീ. കെ. കെ. ബാലകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചമാതിരി ലാഘവത്തോടുകൂടിയല്ല ഈ ഗവൺമെന്റ് ഈ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ചില തൊഴിലാളി യൂണിയനുകൾക്കു ഇതിൽ പങ്കില്ലെന്നുള്ളത് ശരിയാണ്. ഒരു വിഭാഗം അവിടെയുള്ള തൊഴിലാളികളാണ് ഭീഷണിപ്പെടുത്തിയത്. ഭീഷണിപ്പെടുത്തിയവരെ നീക്കം ചെയ്യുന്നതിനെക്കുറിച്ച് പോലീസിനെ അറിയിച്ചു. അതനുസരിച്ച് പോലീസ് അവിടെ പോയിരുന്നു. അപ്പോൾ അതിനകത്ത് ആർ. ഡി. ഒ. ഇടപെട്ട് ഒത്തുതീർപ്പു സംഭാഷണം നടക്കുകയായിരുന്നു. അതുകൊണ്ട് ആ പ്രശ്നത്തിൽ പോലീസ് ഇടപെടേണ്ടതായി വന്നില്ല. കാരണം 3 ദിവസത്തിനകം ഒത്തുതീർപ്പാക്കാമെന്നുള്ള തീരുമാനം എടുത്തിരുന്നു. എന്നാൽ പിറ്റേ ദിവസം കമ്പനി ലോക്കൗട്ട് ചെയ്യുകയാണ് ചെയ്തത്. അതിനെ സംബന്ധിച്ച് മാത്രം ശ്രീ. ബാലകൃഷ്ണൻ ഇവിടെ സൂചിപ്പിക്കാതെ പോയത് നിർഭാഗ്യകരമായിപ്പോയി. കമ്പനി

LIBRARY ARCHIVES Kerala Legislative Assembly

ലോക്കൗട്ട് ചെയ്യുന്ന സമയത്ത് അതിനുള്ളിലുണ്ടായിരുന്ന തൊഴിലാളികളാണ് അവിടെ കുത്തിയിരുന്നത്. പുറമേ നിന്നും ആളുകൾ ചെന്ന് കമ്പനി പിടിച്ചടക്കിയെന്നു പറയുന്നത് ശരിയല്ല.

(ബഹളം)

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: നക്സലൈറ്റ് നേതാവ് അഡ്വക്കേറ്റ് പ്രമചന്ദ്രന്റെ നേതൃത്വത്തിൽ ഇന്നലെ അമ്പതോളം ആളുകൾ അവിടെ ജാഥ നടത്തിയിരിക്കുകയാണ്.....

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഘെരാവോയ്ക്കു എല്ലാ വിഭാഗം ആളുകളുടേയും പിന്തുണയില്ലെന്നുള്ളത് ശരിയാണ്. കമ്പനിക്ക് അകത്ത് കുത്തിയിരുന്ന ആളുകളെ നീക്കം ചെയ്തു. ഇപ്പോൾ അവിടെ പോലീസ് കാവൽ ഉണ്ട്. ഇപ്പോൾ പ്രശ്നങ്ങളൊന്നുമില്ല, കലാപകാരികൾ ഫാക്ടറി പിടിച്ചടക്കി എന്നു പറയുന്നതു ശരിയല്ല. അങ്ങനെയൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: പുറത്തുള്ള ആളുകൾ വന്ന് അഭിഭാഷകന്റെ നേതൃത്വത്തിൽ ഇന്നലെ കമ്പനിയ്ക്കകത്താണ് പ്രകടനം നടത്തിയത്. ഇന്നലെ വൈകുന്നേരംവരേയും ആരേയും നീക്കം ചെയ്തിട്ടില്ല. ഇതെപ്പറ്റി അന്വേഷിച്ചോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പ്രകടനം നടത്തിയെന്നാണോ പറഞ്ഞത്, ആദ്യം കമ്പനി പിടിച്ചടക്കി എന്നാണ്....

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: കമ്പനിക്ക് വെളിയിലുള്ള ആളുക്കളാണ് നേതൃത്വം കൊടുത്തത്. മന്ത്രി പറഞ്ഞത് കമ്പനിയ്ക്കകത്തുള്ള തൊഴിലാളികളാണ് സമരം ചെയ്തതെന്നാണ്. കമ്പനിയ്ക്കു വെളിയിലുള്ള നക്സലൈറ്റ് നേതാക്കന്മാർ നേതൃത്വം കൊടുത്തുകൊണ്ടുള്ള തൊഴിലാളികൾ വന്നാണ് കുഴപ്പം സൃഷ്ടിച്ചിട്ടുള്ളത്. അതെപ്പറ്റി മറുപടി പറയണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഉത്തരവാദിത്വത്തോടുകൂടിതന്നെയാണ് ഇതൊക്കെ അന്വേഷിക്കുന്നത്. കമ്പനി പിടിച്ചടക്കിയെന്നുള്ള സംഗതി ശരിയല്ലെന്നാണ് ഞാൻ പറഞ്ഞത്. കമ്പനിയിലുണ്ടായിരുന്ന ആളുകളെ മുഴുവനും ഇന്നു രാവിലെ അറസ്റ്റു ചെയ്തു നീക്കം ചെയ്തിട്ടുണ്ട്. സുശക്തമായ പോലീസ് കാവലുണ്ട്. കമ്പനിയ്ക്കകത്തോ പുറത്തോ ഇപ്പോൾ യാതൊരു കുഴപ്പവുമില്ല.

മി. സ്പീക്കർ: ആഭ്യന്തരമന്ത്രി ഇവിടെ നടപടി സ്വീകരിച്ചതിന്റെ കാര്യങ്ങളെപ്പറ്റി പറഞ്ഞു. അവിടെയുണ്ടായിരുന്ന ആളുകളെയെല്ലാം അറസ്റ്റ് ചെയ്തു നീക്കം ചെയ്തിട്ടുണ്ട്, പോലീസ് സുശക്തമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞു. ഈ സാഹചര്യത്തിൽ അടിയന്തിര പ്രമേയം ചർച്ച ചെയ്യുന്നതിനുള്ള അനുമതി നിഷേധിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly